പാലുൽപ്പാദം വർദ്ധിക്കുകയെന്നുപറയുന്നത്. തീർച്ചയായിട്ടും ഒരു വെല്ലുവിളിയെ മറികടക്കുന്ന രീതിയാണ്. ഇപ്പോൾ കേരളത്തിൽ ഇരുപത്തിയാറായിരത്തിലധികം ക്ഷീരകർഷകർക്ക് 300 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനുപുറമേ പല തരത്തിലുള്ള സബ്സിഡികളും നൽകുന്നുണ്ട്. ഒരു വീട്ടിൽ ഒരു പശുവിനെ കൊടുത്താൽ അതിനെ വളർത്താൻ കെൽപ്പുള്ള കുടുംബങ്ങൾ അധികമില്ലാത്തതുകൊണ്ടും അണുകുടുംബ സംവിധാനമായതുകൊണ്ടും കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. നെൽകൃഷി ചെയ്തവർക്ക് സ്വാഭാവികമായി വയ്ക്കോൽ ലഭിക്കുന്നതുകൊണ്ട് അവർക്ക് 50 ശതമാനം സബ്സിഡിനിരക്കിൽ പശുക്കളെ വിതരണം ചെയ്യുന്നുണ്ട്. നെൽക്കർഷകർക്ക് ഒരു കുടുംബത്തിനും അല്ലാതെ കൂട്ടായും പശുക്കളെ കൊടുക്കുന്നുണ്ട്. ബില്ലിലെ ആശയങ്ങളും ആവശ്യങ്ങളും അംഗീകരിക്കുന്നുണ്ടെങ്കിലും പ്രത്യേകമായ നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്ന് കരുതുന്നില്ല എന്നുള്ള ഗവൺമെന്റിന്റെ തീരുമാനം അറിയിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ.....

ശ്രീ. വി. എസ്. സുനിൽ കുമാർ : ഞാൻ പ്രമേയം പ്രസ് ചെയ്യുന്നില്ല

മി. സ്പീക്കർ : സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചിരിക്കുന്നു.

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2008-ലെ കേരള പാചകത്തൊഴിലാളി ക്ഷേമനിധ് ബിൽ

(ബില്ലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. ബി. ബാബു പ്രസാദ് ഹാജരില്ലാതിരുന്നതിനാൽ പ്രമേയം തുടർചർച്ചക്ക് പരിഗണിച്ചില്ല)

(ii) 2007-ലെ കേരള ബാല ബാലിക പീഡന നിരോധന ബിൽ
(ശ്രീമതി കെ. കെ. ലതിക നോട്ടീസ് നൽകിയത്)

ശ്രീമതി കെ. കെ. ലതിക : സർ, 2007-ലെ കേരള ബാല ബാലിക പീഡന നിരോധന ബില്ലാണ് ഞാൻ അവതരിപ്പിച്ചിരുന്നത്. നമ്മുടെ സമൂഹത്തിൽ എപ്പോഴും ചർച്ച ചെയ്യപ്പെടുന്ന വളരെ ഗൗരവമുള്ള വിഷയം ഉൾക്കൊള്ളുന്ന ബില്ലാണിത്. ആൺകുഞ്ഞായാലും പെൺകുഞ്ഞായാലും ലൈംഗികമായി പീഡിപ്പിക്കപ്പെടുമ്പോൾ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നിയമം നമ്മുടെ സംസ്ഥാനത്ത് ഇല്ല. പത്രമാധ്യമങ്ങളിൽ ഈ കുട്ടികളെ പീഡിപ്പിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട വാർത്തകൾ വരുന്ന അവസരത്തിൽമാത്രം സമൂഹവും അതുപോലെ എല്ലാ വിഭാഗവും ഇടപ്പെടുന്നുണ്ടെങ്കിലും വ്യക്തമായ നിയമത്തിന്റെ അപര്യാപ്തതമൂലം കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല. ഗോവ പോലുള്ള സംസ്ഥാനങ്ങളിൽ മാത്രമാണ് കുട്ടികൾക്ക് നേരെയുള്ള ആക്രമണത്തിനെതിരെ കൃത്യമായ ഒരു നിയമമുള്ളത്. സംസ്ഥാനതലത്തിൽ ഇതിനാവശ്യമായിട്ടുള്ള ഒരു നിയമനിർമ്മാണം ഉണ്ടായാൽ മാത്രമേ ഈ പ്രശ്നം ഗൗരവമായി പരിഹരിക്കാൻ കഴിയുവെന്നാണ് ഓരോ ദിവസത്തെ സംഭവങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ, സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കിയാൽ മതിയാകും. അതുകൊണ്ട് ശ്രീമതി കെ. കെ. ലതികയുടെ ബിൽ സ്വീകരിക്കുന്നില്ല എന്നാണ് അറിയിക്കാനുള്ളത്.

മി. സ്പീക്കർ : ശ്രീമതി കെ. കെ. ലതിക അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീമതി കെ. കെ. ലതിക : സർ, ഞാൻ പ്രമേയം പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(iii) 2007-ലെ സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബിൽ

(ബില്ലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. എം. ഹംസ ഹാജരല്ലാതിരുന്നതിനാൽ പ്രമേയം തുടർചർച്ചക്ക് പരിഗണിച്ചില്ല)

ഓർഡർ.....ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി 21-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.24-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly